"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

FCSD - കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി രശ്മി പ്രഭാകർ, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അന്യത്ര സേവന കാലാവധി 12/02/2026 മുതൽ ഒരു വർഷ കാലയളവിലേയ്ക്ക് (2nd Term) കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.131/2026/F&CS　തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:-

1. 10.05.2013-തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. 28/12/2024-ലെ സ.ഉ. (സാധാ) നം. 411/2024/F&CS.
3. സപ്ലൈക്കോ മാനേജിംഗ് ഡയറക്ടറുടെ 20/01/2026-ലെ KSCSC/428/2026-D1 (ADMN) നമ്പർ കത്ത്
4. കൃഷി (ഇഎ) വകുപ്പിന്റെ 14/03/2026-ലെ AGRI-EA1/36/2026-AGRI നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി രശ്മി പ്രഭാകർ-നെ ഒരു വർഷ കാലയളവിലേയ്ക്ക് പരാമർശം (2) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കാലാവധി 11/02/2026-ന് അവസാനിച്ച (1st Term) സാഹചര്യത്തിൽ, ഒരു വർഷത്തേയ്ക്ക് കൂടി (12/02/2026 to 11/02/2027) അന്യത്ര സേവനം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയും, അനുബന്ധ രേഖകളും തുടർനടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം (3) പ്രകാരം സപ്ലൈക്കോ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി രശ്മി പ്രഭാകറുടെ അന്യത്ര സേവനകാലാവധി 12/02/2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം കൃഷിവകുപ്പിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. KSR ഭാഗം I ലെ ചട്ടം 144-ലെ വ്യവസ്ഥകൾക്കും, പരാമർശം (1)-ലെ സർക്കുലറിലെ വ്യവസ്ഥകൾക്കും വിധേയമായി, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിൽ, അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി രശ്മി പ്രഭാകറിന്റെ കാലാവധി 12/02/2026 മുതൽ ഒരു വർഷത്തേക്കു കൂടി (രണ്ടാം Term) ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശരത് ചന്ദ്രൻ സി എസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് , കൊച്ചി.

ഡയറക്ടർ, കാർഷികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

ശ്രീമതി രശ്മി പ്രഭാകർ, PMO (on deputation) (സപ്ലൈക്കോ മാനേജിംഗ് ഡയറക്ടർ മുഖാന്തരം)

കൃഷി (EA) വകുപ്പ്( EA1/36/2026-AGRI)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / ഇ&എ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ (C3/113/2024-FCSD)

ഉത്തരവിൻ പ്രകാരം
**Signed by Veena V**
**Date: 10-06-2026 10:10:37**
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്